# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 2611** **21/06/2012 -ൽ മറുപടിക്ക്**

## സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഹംസ: | | ശ്രീ. പി.കെ.അബ്ദുറബ്ബ്. (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം വികസന പ്രക്രിയകൾ നടപ്പിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; എത്ര തുകയാണ് ഇതിന് ചെലവഴിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നത്; | (എ) | ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 5100 ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഡി.പി.ഐ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി അനുവദിച്ച തുകകൾ മേൽപറഞ്ഞ തുകയോടൊപ്പം സംയുക്തമായി ഉപയോഗിച്ച് ഒരു സ്കൂളിനെ ഒരു യൂണീറ്റായി കണ്ട് കൊണ്ട് ആ സ്കൂളിന്റെ കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള സമഗ്രവികസനത്തിന് ഉപയോഗിക്കുകയാണ് അടിസ്ഥാനസൗകര്യ വികസനത്തിന്റെ കാര്യത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ഹയർ സെക്കണ്ടറി സ്കൂൾ തലത്തിലെ അദ്ധ്യാപനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പരിപാടികൾ സർക്കാർ നടപ്പിലാക്കിവരുന്നു; പ്രസ്തുത പരിപാടികൾ ലക്ഷ്യപ്രാപ്തിയിലെത്തുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ; | (ബി) | ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം മുഖേന ഹയർ സെക്കന്ററി മേഖലയിലെ മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകുന്നു. ഇതിനു പുറമേ എസ്.സി.ഇ.ആർ.ടി, സീമാറ്റ് തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകി വരുന്നു. സംസ്ഥാനത്തെ മോണിറ്ററിംഗ് സമിതികൾ പ്രസ്തുത പരിപാടികളുടെ വിലയിരുത്തൽ നടത്തുന്നു. |

| | | | |
|---|---|---|---|
| (സി) | ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ; ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്? | (സി) | ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. ഈയിനത്തിൽ കഴിഞ്ഞ അധ്യായനവർഷം 25 ലക്ഷം രൂപ ചെലവഴിച്ചു. |

**സെക്ഷൻ ഓഫീസർ.**